# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/240/2017 2017 നവംബർ 14

## പത്രക്കുറിപ്പ്

### എം.ജി. വിദ്യാർത്ഥി അദാലത്ത്: ഓൺലൈൻ രജിസ്ട്രേഷൻ ഇന്നുമുതൽ (നവംബർ 15)

മഹാത്മാഗാന്ധി സർവ്വകലാശാല, വിദ്യാർത്ഥികളുടെ പരാതി പരിഹാരത്തിനായി ഡിസംബർ 4, 6, 8 തീയതികളിലായി നടത്തുന്ന അദാലത്തിൽ പരിഗണിക്കേണ്ട പരാതികൾ വിദ്യാർത്ഥികൾക്ക് ഇന്നു മുതൽ (നവംബർ 15) 25 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ സ്റ്റുഡന്റ് ഗ്രീവൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. പഠിച്ച കോഴ്സ്, രജിസ്റ്റർ നമ്പർ, വർഷം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തണം. അഡ്മിഷൻ, വിവിധ സർട്ടിഫിക്കറ്റുകൾ, പരീക്ഷാഫലം, പുനർമൂല്യനിർണ്ണയം, ഗ്രേസ് മാർക്ക്, ഹാജർ കണ്ടൊണേഷൻ, സ്കോളർഷിപ്പ്, ഇന്റേണൽ പുനഃപരീക്ഷ, അന്തർ സർവ്വകലാശാലാ/കോളേജ് തല മാറ്റം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള പരാതി സമർപ്പിക്കാവുന്നതാണ്. ബി.ടെക്/ബി.ആർക് വിദ്യാർത്ഥികളുടെ പരാതികൾ ഡിസംബർ 4നും നിയമം, നേഴ്സിംഗ്, പാരാമെഡിക്കൽ, നവീന കോഴ്സുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഡിസംബർ 6നും സി.ബി.സി.എസ്.എസ്. യു.ജി./പി.ജി. (റഗുലർ/പ്രൈവറ്റ്), ഗവേഷണം എന്നിവ സംബന്ധിച്ച പരാതികൾ ഡിസംബർ 8നും പരിഗണിക്കുന്നതാണ്. വിദ്യാർത്ഥിക്കോ പ്രതിനിധിക്കോ അതാത് ദിവസം രാവിലെ 10 മുതൽ 1 വരെയും, ഉച്ച കഴിഞ്ഞ് 2 മുതൽ 5 വരെയും അദാലത്ത് സമിതിക്ക് മുൻപിൽ നേരിട്ട് ഹാജരായി പരാതികൾ വിശദീകരിക്കാം. അദാലത്തിന്റെ തുടർ നടപടികൾക്കായി രജിസ്ട്രാർ എം.ആർ. ഉണ്ണി ചെയർമാനായും ഡെപ്യൂട്ടി രജിസ്ട്രാർമാരായ ഡി. രഘുനാഥൻ നായർ, ഗിരീഷ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് രജിസ്ട്രാർ കെ. സുനിൽബാബു, സെക്ഷൻ ഓഫീസർ റ്റി.വി. സനൽകുമാർ, എ. രാജീവ്, സക്കീർ ഹുസൈൻ, ടെസിൻ സൈമൺ എന്നിവർ അംഗങ്ങളായും സമിതി രൂപീകരിക്കു ന്നതിന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉത്തരവായി.

### അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) ഡിഗ്രിയുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ നവംബർ 29നും നാലാം സെമസ്റ്റർ പരീക്ഷകൾ 30നും ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm) ഡിഗ്രി നാലാം സെമസ്റ്റർ പരീക്ഷകൾ നവംബർ 30നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ നവംബർ 17 വരെയും 50 രൂപ പിഴയോടെ 18 വരെയും 500 രൂപ സൂപ്പർഫൈനോടെ 20 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്ററൊന്നിന് 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതവും (പരമാവധി സെമസ്റ്ററിന് 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിനു പുറമെ അടയ്ക്കണം.

### പരീക്ഷാഫലം

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ന്യൂ ആന്റ് റിന്യൂവബിൾ എനർജി സപ്ലിമെന്ററി (പി.ജി. സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 24 വരെ അപേക്ഷിക്കാം.

**ബി.എസ്.സി. പുനർമൂല്യനിർണ്ണയഫലം**

2016 മെയ് മാസം നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ പുനർമൂല്യനിർണ്ണയഫലം ഭാഗികമായി സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർക്ക് വ്യത്യാസമുള്ളവർ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത മെമ്മോ സഹിതം ബന്ധപ്പെട്ട സി.ബി.സി.എസ്.എസ്. പരീക്ഷാ സെക്ഷനിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഡോക്ടറൽ കമ്മിറ്റി**

2017 അക്കാദമിക വർഷം ഫിസിക്സിൽ ഗവേഷണത്തിന് അപേക്ഷിച്ചവരുടെ ഡോക്ടറൽ കമ്മിറ്റി 16ന് രാവിലെ 10.30ന് സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ വച്ചും, സുവോളജി വിഷയത്തിൽ ഡോക്ടറൽ കമ്മിറ്റി 17ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിൽ വച്ചും നടത്തും.

**പ്രാക്ടിക്കൽ/വൈവാവോസി**

രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ്കീം - 2016 അഡ്മിഷൻ റഗുലർ & പഴയ സ്കീം 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) 2017 ഒക്ടോബർ/നവംബർ പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 15, 17 തീയതികളിലും, നാലാം സെമസ്റ്റർ വൈവാവോസി നവംബർ 24നും കോട്ടയം ഗാന്ധിനഗർ സി.പി.എ.എസ്. കേന്ദ്രത്തിൽ വച്ച് രാവിലെ 9 മുതൽ വൈകീട്ട് 4 വരെ നടത്തുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**